FIN·B1-33360/17

# വകുപ്പ്തല കണക്കു പരിശോധനാ റിപ്പോർട്ട്
# ബ്ലോക്ക് പട്ടികജാതി വികസന ആഫീസ്, തൈക്കാട്ടുശ്ശേരി
# ആലപ്പുഴ ജില്ല

| | | | |
|---|---|---|---|
| 1. | പരിശോധനാ കാലയളവ് | : | 01.04.2013 മുതൽ 31.03.2016 വരെ |
| 2. | പരിശോധനാ തീയതി | : | 27.09.2016 മുതൽ 30.09.2016 വരെ |
| 3. | പരിശോധനാ വിഭാഗം | : | ഫിനാൻസ് E ആഡിറ്റ് വിഭാഗം |
| 4. | പരിശോധനാ ടീം അംഗങ്ങൾ | | |
| | ജൂനിയർ സൂപ്രണ്ട് | : | ശ്രീ. ജി. ബാഹുലേയൻ |
| | ക്ലാർക്ക് | : | ശ്രീ. കെ.കെ. ശ്രീരാജ്<br>പട്ടികജാതി വികസന ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം. |

## പരിശോധനാ കാലയളവിലെ ഉദ്യോഗസ്ഥർ
## പട്ടികജാതി വികസന ആഫീസർ ഗ്രേഡ് II

| | | | |
|---|---|---|---|
| 1. | ശ്രീ. എം.കെ. പ്രസിമോൻ | : | 01.04.2013 മുതൽ 13.10.2014 വരെ |
| 2. | ശ്രീമതി. ബിജു സുന്ദർ | : | 14.10.2014 മുതൽ 04.11.2014 വരെ |
| 3. | ശ്രീ. രാജേഷ്. വി. | : | 04.11.2014 മുതൽ 10.01.2016 വരെ |
| 4. | ശ്രീ. രാകേഷ്. എ. | : | 11.01.2016 മുതൽ തുടരുന്നു. |

## പാർട്ട് - A

### ആമുഖം

**A. വകുപ്പ്തല കണക്കു പരിശോധന**

ഡിപ്പാർട്ട്മെന്റ് ഓഡിറ്റിന്റെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## പാർട്ട് - B

**I. ക്യാഷ് ബുക്കും, ബിൽ ബുക്കും**

1. ബിൽ നം. ICM/344/15-16 പ്രകാരം 31.08.2015 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 50,000/- രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ക്യാഷ് ബുക്കിന്റെ Total കോളത്തിലേക്ക് എടുത്ത് എഴുതിയിട്ടില്ല.

2. ബിൽ നം. 446/Salary/15-16 പ്രകാരം 06.10.2015 ൽ ട്രഷറിയിൽ നിന്നും തേർച്ച ചെയ്തത് 16,139/- രൂപ ആണ്. അന്നേ ദിവസം ക്യാഷ് ബുക്കിൽ (06.10.2015 ന്) വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. 29,279/- രൂപ എന്നാണ്. 13,140/- രൂപയുടെ വ്യത്യാസം ക്യാഷ് ബുക്കിൽ കാണുന്നു. ഇത് എങ്ങനെ ക്രമീകരിച്ചു. വിശദീകരണം നൽകേണ്ടതാണ്.

3. ബിൽ നം. 595/15-16 പ്രകാരം 16.12.2015 ൽ ട്രഷറിയിൽ നിന്നും തേർച്ച ചെയ്തത് 75,000/- രൂപ (എഴുപത്തയ്യായിരം രൂപ മാത്രം) ആണ്. അന്നേദിവസം (16.12.2015 ൽ) ക്യാഷ് ബുക്കിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നത് 70,000/- രൂപ (എഴുപതിനായിരം രൂപ മാത്രം) എന്നാണ്. തേർച്ച ചെയ്ത തുകയിൽ നിന്നും 5,000/- രൂപ കുറച്ചാണ് കാണിച്ചിരിക്കുന്നത്. ഇത് ഗുരുതരമായ വീഴ്ചയും കൃത്യവിലോപവുമാണ് കാട്ടിയിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.

## II. അക്വിറ്റൻസ് ജീവനക്കാര്യം

1. ബിൽ നം. 446/15-16 പ്രകാരം 06.10.2015 ൽ ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 16,139/- രൂപ അന്നേദിവസത്തെ (06.10.2015) അക്വിറ്റൻസ് പ്രകാരം വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 06.10.2015 ലെ ക്യാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് 29,279/- രൂപ എന്നാണ്. വിതരണം ചെയ്ത തുകയേക്കാൾ കൂടുതൽ തുക ക്യാഷ് ബുക്കിൽ ചെലവ് കാണിച്ചിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

## III. അക്വിറ്റൻസ് എസ്.സി. പ്രൊമോട്ടേഴ്സ്

1. അക്വിറ്റൻസ് പ്രകാരം 06.01.2016 ൽ 49,300/- രൂപ വിതരണം നടത്തിയതായി അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അന്നേ ദിവസത്തെ (06.01.2016) ക്യാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തി കാണുന്നില്ല. ബില്ലിന്റെ പൂർണ്ണവിവരങ്ങൾ അക്വിറ്റൻസിൽ എഴുതിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

2. അക്വിറ്റൻസ് പേജ് നമ്പർ 47 മുതൽ 99 വരെ തുക വിതരണം സംബന്ധിച്ച് പട്ടികജാതി വികസന ഓഫീസർ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. അക്വിറ്റൻസിൽ എസ്.സി. പ്രൊമോട്ടർ തീയതി വെച്ച് ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. പട്ടികജാതി വികസന ഓഫീസറും തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
ഉദാ :- അക്വിറ്റൻസ് പേജ് നമ്പർ 47, 51

## IV. അക്വിറ്റൻസ് അപ്രന്റീസ് ക്ലാർക്ക്

1. അക്വിറ്റൻസ് പ്രകാരം തുക വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പട്ടികജാതി വികസന ഓഫീസർ സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
ഉദാ :- പേജ് നമ്പർ 10 മുതൽ 29 വരെ

2. അക്വിറ്റൻസിൽ പേജ് സർട്ടിഫിക്കറ്റ് എഴുതി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## V. അക്വിറ്റൻസ് അപ്രന്റീസ് ട്രയിനീസ്

1. 04.08.2008 ൽ 335/- രൂപ വിതരണം ചെയ്തതായി അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, അന്നേ ദിവസത്തെ ക്യാഷ് ബുക്കിൽ ചെലവ് രേഖപ്പെടുത്തി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

2. ബിൽ നം. 793/ITC/C/08-09 പ്രകാരം 24.09.2008 ൽ ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത 12,847/- രൂപയിൽ 12,602/- രൂപ വിതരണം ചെയ്തതായി അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ് തുക 245/- രൂപ വിതരണം നടത്തിയതായി കാണുന്നില്ല.

3. ബിൽ നം. 792/ITC/C/08-09 പ്രകാരം 24.09.2008 ൽ ട്രഷറിയിൽ നിന്നും 17,175/- രൂപ തേർച്ച ചെയ്തതായി കാണുന്നു. അക്വിറ്റൻസ് പ്രകാരം തുക വിതരണം നടത്തിയതിൽ 27.09.2008 ന് ബാലൻസ് തുകയായി 400/- രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക വിതരണം നടത്തിയതായി കാണുന്നില്ല.

4. ബിൽ നം. 852/ITC/C/08-09 പ്രകാരം 16.10.2008 ൽ ട്രഷറിയിൽ നിന്നും 36,000/- രൂപ തേർച്ച ചെയ്തതായി കാണുന്നു. അക്വിറ്റൻസ് പ്രകാരം തുക വിതരണം

നടത്തിയതിൽ 900/- രൂപ ബാലൻസ് തുകയായി അവശേഷിക്കുന്നുണ്ട്. എന്നാൽ ഈ തുക വിതരണം ചെയ്തതായി കാണുന്നില്ല.

VI. ചെലാൻ

1. 15.07.2015 ൽ 31,000/- രൂപ അടച്ചതിന്റെ ഒർജിനൽ ചെലാൻ രസീത് ക്യാഷ് ബുക്കിൽ തന്നെ സൂക്ഷിക്കുന്നതായി കാണുന്നു. ഇത് ശരിയായ നടപടി അല്ല.

2. 18.10.2010 ന് ശേഷം Refund ചെയ്ത ഒരു ചെലാനും ക്രമമായി സൂക്ഷിച്ച് കാണുന്നില്ല.

3. ലംപ്സം ഗ്രാന്റ് :- സ്കൂളിൽ നിന്നും ലഭിക്കുന്ന ചെലാനുണ്ട്. അക്വിറ്റൻസി നോടൊപ്പം സൂക്ഷിക്കുകയോ, അല്ലെങ്കിൽ പ്രത്യേകം സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്.

VII. TR – 5 രസീത് ബുക്ക്

1. ബുക്ക് നമ്പർ 1 – 20.06.2002 വരെ ഉപയോഗിച്ചതായി കാണുന്നു. ഉപയോഗിക്കാത്ത ബാക്കി പേജുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. G.O. P. No. 213/2013 dt. 09.05.2013 പ്രകാരം പുതിയ TR-5 രസീത് വാങ്ങി ഉപയോഗിക്കേണ്ടതാണ്.

3. 20.05.2014 ൽ ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് TR-5 രസീത് പ്രകാരം 5,000/- രൂപ നൽകിയതായി കാണുന്നു. എന്നാൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ നൽകിയ രസീത് ക്യാഷ് ബുക്കിൽ ഒട്ടിച്ച് വെച്ചിരിക്കുന്നു. ഇത് ശരിയായ നടപടി അല്ല.

VIII. TR – 5 സ്റ്റോക്ക് രജിസ്റ്റർ

പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**IX. കണ്ടിൻജന്റ് രജിസ്റ്റർ**

2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ അലോട്ട്മെന്റ് രജിസ്റ്ററിൽ ചേർക്കുമ്പോൾ പട്ടികജാതി വികസന ഓഫീസർ തീയതി വെച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സാമ്പത്തികവർഷം അവസാനിക്കുമ്പോൾ സറണ്ടർ വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബിൽ ട്രഷറിയിൽ സബ്മിറ്റ് ചെയ്യുമ്പോഴും പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

**X. പേബിൽ രജിസ്റ്റർ**

1. 12/15 ന് ശേഷം പേബിൽ രജിസ്റ്റർ എഴുതിയിട്ടില്ല.
2. Abstract എഴുതിയിട്ടില്ല, ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**XI. അലോട്ട്മെന്റ് രജിസ്റ്റർ**

പരിപാലിച്ചിട്ടില്ല.

**XII. സി.ആർ.ഡി.ആർ.**

പരിപാലിച്ചിട്ടില്ല.

**XIII. പണംപറ്റ് രസീതുകൾ**

പണംപറ്റ് രസീതുകൾ വർഷം തിരിച്ച് ക്രമമായി അടുക്കി സൂക്ഷിക്കേണ്ടതും, വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**XIV. ഫർണിച്ചർ രജിസ്റ്റർ**

1. 20.03.2011 മുതലുള്ള ഫർണിച്ചറുകളുടെ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല.
2. വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. കമ്പ്യൂട്ടർ മുതലായ ഉപകരണങ്ങളുടെ വിവരങ്ങളും ഈ രജിസ്റ്ററിൽ തന്നെയാണ് രേഖപ്പെടുത്തുന്നത്. ഇത് ശരിയായ നടപടി അല്ല. ഉപകരണങ്ങളുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിലേക്ക് രേഖപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. രജിസ്റ്ററിന്റെ പേജുകൾ ഇളകിയതായി കാണുന്നു. ഈ പേജുകൾ ഒട്ടിച്ച് വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

5. രജിസ്റ്ററിൽ ബിൽ നമ്പറുകൾ രേഖപ്പെടുത്തുന്നില്ല.

6. 30.01.2012 - 260/- രൂപ

30.01.2012 - 524/- രൂപ

30.01.2012 - 404/- രൂപ

മേൽ തുകയുടെ എസ്റ്റിമേറ്റ് ബില്ല് രജിസ്റ്ററിൽ ഒട്ടിച്ച് കാണുന്നു. യഥാർത്ഥ ബില്ല് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## XV. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

1. പരിശോധനാ ദിവസമായ 27.09.2016 ൽ 05.09.2016 വരെ രജിസ്റ്റർ എഴുതിയിട്ടുണ്ട്. അന്നേദിവസം താഴെപറയും പ്രകാരം സ്റ്റാമ്പ് നീക്കിയിരിപ്പുള്ളതായി ബോദ്ധ്യപ്പെട്ടു.

| | | | |
|---|---|---|---|
| 5 | x 245 | = | 1225.00 |
| 10 | x 48 | = | 480.00 |
| 2 | x 118 | = | 236.00 |
| | | | 1941.00 |

2. ഈ രജിസ്റ്ററിൽ പേജ് നമ്പർ രേഖപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. സർവ്വീസ് സ്റ്റാമ്പുകളല്ല ഉപയോഗിക്കുന്നതെന്ന് കാണുന്നു.

## XVI. സ്വയം തൊഴിൽ പദ്ധതി

ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 22.04.2014 ലെ എ11-4935/13(3) നമ്പർ പ്രകാരം ശ്രീ. ഹരികുമാർ, കുന്നുംപുറത്ത്, നികർത്ത്, തൈക്കാട്ടുശ്ശേരി പി.ഒ., ചേർത്തല എന്നയാൾക്ക് 94,742/- രൂപ സബ്സിഡി നൽകുന്നതിനായി തൈക്കാട്ടുശ്ശേരി എസ്.ബി.റ്റി. മാനേജരുടെ പേരിൽ ഡി.ഡി. നൽകുന്നതിനായി പട്ടികജാതി വികസന ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഡി.ഡി. കൈമാറിയതിന്റെ കൈപ്പറ്റ് രസീതിന്റെ പകർപ്പുപോലും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## XVII. ചെക്ക് വിതരണ രജിസ്റ്റർ

1. ബിൽ നം. 595/15-16 പ്രകാരം 70,000/- രൂപ 16.12.2015 ൽ ക്യാഷ് ബുക്കിൽ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ ചെക്ക് വിതരണ രജിസ്റ്ററിൽ 75,000/- രൂപയാണ് വരവ് വച്ചിരിക്കുന്നത്. 5,000/- രൂപയുടെ വ്യത്യാസം കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

2. വിതരണ രജിസ്റ്റർ പ്രകാരം 21.12.2015 ൽ 60,000/- രൂപയും, 30.12.2015 ൽ 15,000/- രൂപയും വിതരണം നടത്തിയതായി കാണുന്നു. എന്നാൽ ചെക്ക് ബുക്ക് പ്രകാരം 21.12.2015 ൽ തന്നെ 75,000/- രൂപയും മുഴുവനായി വിതരണം ചെയ്തതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

## XVIII. അക്വിറ്റൻസ് (ചികിത്സാ ധനസഹായം)

24.08.2012 ന് 12 പേർക്ക് 1,40,000/- രൂപ വിതരണം ചെയ്തതായി കാണുന്നു. ഇതിന്റെ വരവും ചെലവും രേഖപ്പെടുത്തിയിട്ടില്ല, ചെക്ക് നമ്പറും രേഖപ്പെടുത്തിയിട്ടില്ല.

## XIX. ഭൂരഹിത പുനരധിവാസ പദ്ധതി

1. 2013-14 സാമ്പത്തികവർഷം മുതൽ ഭൂരഹിത പുനരധിവാസ പദ്ധതിയ്ക്കായി 2015-16 ചെലവഴിച്ചതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2013-14 | 25 | 37,50,000/- | 37,50,000/- | NIL |
| 2 | 2014-15 | 11 | 41,25,000/- | 41,25,000/- | NIL |
| 3 | 2015-16 | 9 | 33,75,000/- | 33,75,000/- | NIL |

2. വർഷം തിരിച്ച് വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ടന്റ് ജനറലിനും, ജില്ലാ പട്ടികജാതി വികസന ആഫീസർക്കും അയച്ച് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3.
4.

## XX. ഭവന നിർമ്മാണ ധനസഹായം

1. 2007-08 സാമ്പത്തികവർഷം മുതൽ 2015-16 വരെ സ്പിൽ ഓവറായി അവശേഷിക്കുന്ന വീടുകളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ആകെ ഗുണ ഭോക്താക്കൾ | സ്റ്റേജ് വിവരം | | | ഭവന നിർമ്മാണം പൂർത്തിയാക്കിയവർ | ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകൾ |
|---|---|---|---|---|---|---|---|
| | | | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു | | |
| 1 | 2007-08 | 65 | 1 | 1 | 1 | 62 | 3 |
| 2 | 2008-09 | 42 | - | 1 | - | 41 | 1 |
| 3 | 2009-10 | 31 | - | 1 | - | 30 | 1 |
| 4 | 2010-11 | 20 | - | 1 | - | 19 | 1 |
| 5 | 2011-12 | 10 | - | 2 | 1 | 7 | 3 |
| 6 | 2012-13 | 9 | - | - | - | 9 | - |
| 7 | 2013-14 | 10 | - | 4 | - | 6 | 4 |
| 8 | 2014-15 | 12 | 1 | 2 | 1 | 8 | 4 |
| 9 | 2015-16 | 10 | 2 | 4 | 3 | 1 | 9 |
| | | **209** | **4** | **16** | **6** | **183** | **26** |

2. 2007-08 മുതൽ 2015-16 വരെ ആകെ 209 വീടുകൾ അനുവദിച്ചതിൽ 183 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇനിയും 26 വീടുകൾ പണി പൂർത്തീകരിക്കാനുള്ളതായി കാണുന്നു.

3.
4.
5.

## XXI. വിവാഹ ധനസഹായം

1. 2013-14 സാമ്പത്തികവർഷം മുതൽ 2015-16 വർഷംവരെ വിവാഹധനസഹായം നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2013-14 | 16 | 8,00,000/- | 8,00,000/- | NIL |
| 2 | 2014-15 | 3 | 1,50,000/- | 1,50,000/- | NIL |
| 3 | 2015-16 | 10 | 5,00,000/- | 5,00,000/- | NIL |

2. വർഷം തിരിച്ച് വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ടന്റ് ജനറലിനും, ജില്ലാ പട്ടികജാതി വികസന ആഫീസർക്കും അയച്ച് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XXII. മിശ്ര വിവാഹ ധനസഹായം

1. 2013-14 സാമ്പത്തികവർഷം മുതൽ 2015-16 വർഷംവരെ മിശ്ര വിവാഹധന സഹായം നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2013-14 | 8 | 4,00,000/- | 4,00,000/- | NIL |
| 2 | 2014-15 | 24 | 12,00,000/- | 12,00,000/- | NIL |
| 3 | 2015-16 | 9 | 4,50,000/- | 4,50,000/- | NIL |

2. വർഷം തിരിച്ച് വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ടന്റ് ജനറലിനും, ജില്ലാ പട്ടികജാതി വികസന ആഫീസർക്കും അയച്ച് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XXIII. ചികിത്സാ ധനസഹായം

1. 2013-14 സാമ്പത്തികവർഷം മുതൽ 2015-16 വർഷംവരെ ചികിത്സാ ധനസഹായം നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|---|
| 1 | 2013-14 | 11 | 1,73,000/- | 1,73,000/- | NIL |
| 2 | 2014-15 | 19 | 3,32,500/- | 3,32,500/- | NIL |
| 3 | 2015-16 | 21 | 4,30,000/- | 4,30,000/- | NIL |

2. വർഷം തിരിച്ച് വിനിയോഗ സാക്ഷ്യപത്രം അക്കൗണ്ടന്റ് ജനറലിനും, ജില്ലാ പട്ടികജാതി വികസന ആഫീസർക്കും അയച്ച് കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## XXIV. ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം നിർമ്മാണം

1. ഭൂരഹിത പുനരധിവാസ പദ്ധതി, ഭവന നിർമ്മാണ പദ്ധതി എന്നിവയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് അവലംബിച്ച രീതി തന്നെയാണ് ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം നിർമ്മാണം പദ്ധതിയുടെ കാര്യത്തിലും സ്വീകരിച്ചിട്ടുള്ളത്. ഇത് ശരിയായ നടപടിക്രമം അല്ല.

2. അഡ്വാൻസ് അനുവദിക്കുന്നതിനു മുമ്പ് ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവർ ബ്ലോക്ക് പട്ടികജാതി വികന ഓഫീസറുമായി നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരാറിൽ ഒപ്പ് വെയ്ക്കണമെന്ന വ്യവസ്ഥ ഇവിടെയും പാലിച്ചിട്ടില്ല.

3. അപേക്ഷകൾ ഓഫീസിൽ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല.

**XXV. ടോയ്‌ലറ്റ്**

1. അഡ്വാൻസ് അനുവദിക്കുന്നതിനു മുൻപ് ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവരുമായി കരാർ ഒപ്പുവെയ്ക്കണമെന്ന വ്യവസ്ഥ ഇവിടെയും പാലിക്കപ്പെട്ടിട്ടില്ല.

2. അപേക്ഷകൾ ഓഫീസിൽ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല.

**XXVI. ലംപ്സം ഗ്രാന്റ്**

2013-16 വർഷങ്ങളിൽ ലംപ്സം ഗ്രാന്റ് വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയ ശേഷം സ്ക്കൂളുകളിൽ നിന്നും ലഭിച്ച അക്വിറ്റൻസുകൾ ക്രമമായി അടുക്കി ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല.

**XXVII. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി**

സബ്സിഡി അനുവദിക്കപ്പെട്ട സ്വയം തൊഴിൽ സംരംഭങ്ങളുടെ 05 വർഷത്തെ പ്രവർത്തന പുരോഗതി വിലയിരുത്തണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. സബ്സിഡി അനുവദിച്ചു നൽകുന്നതോടുകൂടി അതുമായി ബന്ധപ്പെട്ട എല്ലാ നടപടികളും അവസാനിപ്പിക്കുന്ന പ്രവണത ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യത്തെ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് സഹായമാകില്ല.

**XXVIII. പ്രൈമറി വിദ്യാഭ്യാസത്തിനുള്ള പ്രത്യേക സഹായം**

പ്രൈമറി വിദ്യാഭ്യാസത്തിനുള്ള പ്രത്യേക സഹായ പദ്ധതിയുടെ തുക വിതരണം നടത്തിയതിന്റെ കൈപ്പറ്റ് രസീതുകളും ബില്ലുകളും ക്രമത്തിൽ അടുക്കി ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല.

**പൊതു അഭിപ്രായം**

ഓരോ സാമ്പത്തിക വർഷത്തെയും ബിൽ പകർപ്പുകൾ, വൗച്ചറുകൾ, രജിസ്റ്ററുകൾ ക്രമമായി അടുക്കി സൂക്ഷിക്കേണ്ടതാണ്. ഡിപ്പാർട്ട്മെന്റിന്റെ

പ്രിന്റഡ് രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ ഫോട്ടോ പതിപ്പിച്ച് പൂർണ്ണ വിവരങ്ങൾ വർഷം തിരിച്ച് എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓരോ പദ്ധതികളുടെയും പുരോഗതി അതാത് മാസം പുരോഗതി റിപ്പോർട്ടിനായി ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നൽകേണ്ടതാണ്.

ആഡിറ്റ് പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സ്പിൽ ഓവറായി അവശേഷിക്കുന്ന ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ടോയ്‌ലറ്റ് ഗ്രാന്റ് എന്നീ പദ്ധതികളുടെ പണി പൂർത്തീകരിക്കുന്നതിന് പട്ടികജാതി പ്രമോട്ടർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

നിലവിലെ ചട്ടപ്രകാരം എസ്.സി. പ്രൊമോട്ടർമാരിൽ നിന്നും വർക്ക് ഡയറിയോടൊപ്പം പഞ്ചായത്തിൽ നിന്നുള്ള ഹാജർ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. ആഫീസ് പ്രവർത്തനം പൊതുവേ തൃപ്തികരമാണ്.

(ഒപ്പ്)
ജൂനിയർ സൂപ്രണ്ട്
ഫിനാൻസ് E ആഡിറ്റ്
പട്ടികജാതി വികസന വകുപ്പ്
തിരുവനന്തപുരം

PS 23.12.17 (ES)

## തൈക്കാട്ട്ശ്ശേരി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ 27.09.2016 മുതൽ 30.09.2016 വരെ തീയതികളിൽ 01.04.2013 മുതൽ 31.03.2016 വരെ കാലയളവിലെ ഓഡിറ്റ് നടന്നു

### എ.ജി. യുടെ പരിശോധന 31.07.2015 വരെ നടന്നിട്ടുണ്ട്

എ.ജി. യുടെ പരിശോധനയിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ.

1. OA(HQ)IV/II/12-152/11-12 dated 09.11.2012 Part II B - II ന് മറുപടി നൽകിയിട്ടില്ല.

2. OA(HQ)IV/II/12-152/11-12 dated 09.11.2012 Part II B - II ന് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ 14.11.2015 തീയതിയിലെ TYB/166/15 നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്. എന്നാൽ അക്കൗണ്ടന്റ് ജനറലിൽ നിന്നും തുടർന്നുള്ള അറിയിപ്പുകൾ ഒന്നും ലഭിച്ചിട്ടില്ല.

### ഡിപ്പാർട്ട്മെന്റ് ഓഡിറ്റ്

ഡിപ്പാർട്ട്മെന്റ് ഓഡിറ്റിന്റെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. എന്നാൽ 31.03.2013 വരെയുള്ള കണക്കുകൾ പരിശോധിച്ചതായി വകുപ്പ്തല പരിശോധനാ വിഭാഗം രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### കൃഷ് ബുക്ക്

ക്യാഷ് ബുക്ക് പ്രകാരം 08.09.2016 ന് ശേഷം ക്രയവിക്രയം നടന്നിട്ടില്ല. അന്നേ ദിവസം ക്ലോസിംഗ് പൂജ്യമാണ്.

### ബിൽ ബുക്ക്

ബിൽ ബുക്ക് പ്രകാരം ട്രഷറിയിൽ നിന്നും തേർച്ച ചെയ്ത ചുവടെ കാണിച്ച തുകകൾ തേർച്ച ചെയ്ത തീയതിയിൽ തന്നെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നതിന് പകരം അടുത്ത സാമ്പത്തികവർഷം രേഖപ്പെടുത്തിയതായി കാണുന്നു.

| Sl. No. | Bill No. | C/O Date | Amount | Received in C/B |
|---|---|---|---|---|
| 01 | 1033 /12-13 | 25.03.2013 | 25,000/- | 02.04.2013 |
| 02 | 1066/12-13 | 30.03.2013 | 1,25,000/- | 09.04.2013 |
| 03 | 1055/12-13 | 30.03.2013 | 5,000/- | 02.04.2013 |
| 04 | 1094/12-13 | 30.03.2013 | 3,50,000/- | 11.04.2013 |
| 05 | 1087/12-13 | 30.03.2013 | 2,10,000/- | 11.04.2013 |

**പ്രമാണങ്ങൾ**

ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് 2014-16 വർഷങ്ങളിൽ വകുപ്പ് മുഖേന ഭൂമി വാങ്ങി നൽകിയതിന്റെ ആധാരങ്ങൾ/ആധാരങ്ങളുടെ പകർപ്പുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആധാരത്തിന്റെ നമ്പർ | വാങ്ങിയ ആളിന്റെ മേൽവിലാസം | ഭൂമിയുടെ വിസ്തീർണ്ണം | അഭിപ്രായം |
|---|---|---|---|---|
| 01 | 3214/13 | പ്രകാശൻ, ഇന്ദിരാജി ഭവൻ, വടുതല ജെട്ടി | 1.21 ആർ | ഭൂമിയുടെ തരം - നിലം |
| 02 | 405/14 | അനുജ സലീഷ്, പള്ളിക്കാട്ട്ചിറ, പാണാവള്ളി | 1.62 ആർ | ഭൂമിയുടെ തരം - നിലം |
| 03 | 264/14 | മെൽബിൻദാസ്, കണ്ടത്തിപ്പറമ്പ് വീട്, പെരുമ്പളം | 02.02 ആർ | ഭൂമിയുടെ തരം - നിലം |
| 04 | 434/15 | ജ്യോതി. പി.ആർ. പള്ളാക്കൽ ചിറയിൽ, അരുക്കുറ്റി | 02.02 ആർ | ആധാരത്തിൽ ഭൂമിയിൽ പ്രവേശിക്കുന്നതിനുള്ള വഴി രേഖപ്പെടുത്തിയിട്ടില്ല |
| 05 | 3050/13 | ഷീബ, മഠത്തിൽപ്പറമ്പ് നികത്തിൽ, പള്ളിപ്പുറം | 1.21 ആർ | ആധാരത്തിൽ ഭൂമിയിൽ പ്രവേശിക്കുന്നതിനുള്ള വഴി രേഖപ്പെടുത്തിയിട്ടില്ല |

<u>ഭൂരഹിത പുനരധിവാസ പദ്ധതി</u>

1. ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഗ്രാമസഭ അംഗീകരിച്ച മുൻഗണനാപ്പട്ടികയിൽ നിന്നോ പ്രസ്തുത ലിസ്റ്റ് ലഭ്യമല്ലായെങ്കിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് നറുക്കെടുപ്പിലൂടെയോ ആണ് ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങളെ കണ്ടെത്തി ആനുകൂല്യം നൽകേണ്ടത്. എന്നാൽ 2014-16 വർഷങ്ങളിൽ ഗ്രാമസഭ അംഗീകരിച്ച മുൻഗണനാ പട്ടികയ്ക്ക് പകരം വാർഡ് അടിസ്ഥാനത്തിലുള്ള പട്ടികയിൽ നിന്നുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. ഇങ്ങനെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത നടപടിക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ സാധൂകരണം നേടുകയും ചെയ്തിട്ടില്ല.

വകുപ്പിൽ നിന്നും ഓരോ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിലേക്കും ജനസംഖ്യാനുപാതികമായി പരിമിതമായ ടാർജറ്റാണ് അനുവദിച്ചുവരുന്നത്. അങ്ങനെയുള്ളപ്പോൾ മുൻഗണനാപ്പട്ടികക്ക് പകരം വാർഡ് അടിസ്ഥാനത്തിലുള്ള പട്ടികയിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്താൽ എന്നും ആദ്യ വാർഡുകളിലെ ഭൂരഹിതരെ മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ. പുറകിലോട്ടുള്ള വാർഡുകളിലെ അർഹരായ അപേക്ഷകരെ ആനുകൂല്യത്തിനായി പരിഗണിക്കാൻ കഴിയാതെ വരികയും ചെയ്യും. ഇത് ഗുരുതരമായ കൃത്യവിലോപമായി കാണേണ്ടിയിരിക്കുന്നു.

2. ഈ ആനുകൂല്യത്തിന്റെ അർഹതാ മാനദണ്ഡങ്ങളിൽ ഗുണഭോക്താവായി തെരഞ്ഞെടുത്തയാളിന്റെ കുടുംബത്തിന് സ്വന്തമായി 03 സെന്റ് ഭൂമി ഉണ്ടാവരുതെന്നും പൂർവ്വിക സ്വത്തായി അത്രയും ഭൂമി ലഭിക്കരുതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2014-16 വർഷങ്ങളിൽ ആനുകൂല്യത്തിനായി തെരഞ്ഞെടുക്കപ്പെട്ടവർ പൂർവ്വിക സ്വത്ത് സംബന്ധിച്ച വ്യക്തമായ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ആനുകൂല്യം അനുവദിക്കപ്പെട്ട വർഷം | ഗുണഭോക്താവിന്റെ മേൽവിലാസം |
|---|---|---|
| 01 | 2013-14 | വിപിൻ കുമാർ. കെ.വി. കണ്ടത്തിപ്പറമ്പ്, പെരുമ്പള്ളം |
| 02 | 2014-15 | ജ്യോതി. പി.ആർ. പള്ളാക്കൽച്ചിറ, അരൂക്കുറ്റി |
| 03 | 2015-16 | പ്രസാദ് കുമാർ, തറേപ്പറമ്പിൽ, തൈക്കാട്ട്ശ്ശേരി |

3. അപേക്ഷകൾ ഓഫീസിൽ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല.

ഭവന നിർമ്മാണ പദ്ധതി

1. ഭൂരഹിത പുനരധിവാസ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് അവലംബിച്ച രീതി തന്നെയാണ് ഭവനനിർമ്മാണ പദ്ധതിയുടെ കാര്യത്തിലും സ്വീകരിച്ചിട്ടുള്ളത്. ഇത് ഏറ്റവും അർഹരായ ഗുണഭോക്താക്കൾ തഴയപ്പെടുന്നതിന് കാരണമാവും എന്നതിൽ സംശയമില്ല.

2. അഡ്വാൻസ് അനുവദിക്കുന്നതിനു മുൻപ് ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുമായി നിശ്ചിത തുകക്കുള്ള മുദ്രപ്പത്രത്തിൽ ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കരാറിൽ ഒപ്പ് വെയ്ക്കണമെന്ന വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. എന്നാൽ 2014-16 കാലയളവുകളിൽ ഈ വ്യവസ്ഥ പാലിക്കാതെയാണ് ഗുണഭോക്താക്കൾക്ക് തുകകൾ മാറി നൽകിയിരിക്കുന്നത്.

3. ഭവന നിർമ്മാണ പദ്ധതി പ്രകാരം വീട് നിർമ്മിയ്ക്കുന്നതിന് അനുയോജ്യമായ ഏറ്റവും കുറഞ്ഞത് 03 സെന്റ് കരഭൂമിയെങ്കിലും സ്വന്തമായുള്ളവരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുക്കേണ്ടത്. എന്നാൽ ഈ വ്യവസ്ഥക്ക് വിരുദ്ധമായി കരഭൂമിക്ക് പകരം നിലം സ്വന്തമായി ഉണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായി

ക്കാണുന്നു. ഇങ്ങനെ ചട്ടവിരുദ്ധമായി തെരഞ്ഞെടുത്ത നടപടിക്ക് ജില്ലാ പട്ടിക ജാതി വികസന ഓഫീസറുടെ സാധൂകരണം നേടുകയും ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആനുകൂല്യം അനുവദിക്കപ്പെട്ട വർഷം | ഗുണഭോക്താവിന്റെ മേൽവിലാസം | ആധാര പ്രകാരം സ്ഥലത്തിന്റെ തരം |
|---|---|---|---|
| 01 | 2013-14 | സീന. ഈ.ജെ.<br>കടവിൽ ലക്ഷം വീട്,<br>പാണാവള്ളി | നിലം |
| 02 | 2014-15 | സുഭാഷ്,<br>ശ്രീലയം,<br>തൈക്കാട്ട്ശ്ശേരി | നിലം |
| 03 | 2015-16 | ജെസ്സി. എ.<br>ചെങ്ങേഴത്ത് ചിറ,<br>പാണാവള്ളി | നിലം |

4. അപേക്ഷകൾ ഓഫീസിൽ ലഭിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല.

## പ്രമോട്ടർമാർ/അപ്രന്റീസ് ട്രെയിനിയുടെ അകിറ്റൻസ്

പ്രമോട്ടർമാരുടെയും അപ്രന്റീസ് ട്രെയിനിയുടേയും അകിറ്റൻസ് രജിസ്റ്ററിലെ മിക്ക പേജുകളിലും തുക വിതരണം നടത്തിയ ഉദ്യോഗസ്ഥൻ ചട്ടപ്രകാരമുള്ള സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.
(ഉദാ : പേജ് നം. 47 മുതൽ)

ക്യാഷ് ബുക്കിന്റെ ചെലവ് കോളത്തിൽ തുക വിതരണം സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുകയും എന്നാൽ ടി തുകകൾ വിതരണം

ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാതിരിക്കുകയും ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | ഇനം | തീയതി | തുക |
|---|---|---|---|---|
| 1. | 516/13-14 | ടോയ്‌ലറ്റ് | 31/10/13 | 6,75,000/- |
| 2. | 516/13-14 | ,, | 12/11/13 | 50,000/- |
| 3. | 516/13-14 | ,, | 15/11/13 | 12,500/- |
| 4. | 516/13-14 | ,, | 19/11/13 | 12,500/- |
| 5. | 541/13-14 | ,, | 19/11/13 | 3,12,500/- |
| 6. | 541/13-14 | ,, | 23/11/13 | 62,500/- |
| 7. | 623/13-14 | ,, | 25/11/13 | 25,000/- |
| 8. | 541/13-14 | ,, | 28/11/13 | 12,500/- |
| 9. | 628/13-14 | ,, | 04/12/13 | 2,62,500/- |
| 10. | 647/13-14 | ,, | 06/12/13 | 12,500/- |
| 11. | 647/13-14 | ,, | 10/12/13 | 12,500/- |
| 12. | 777/13-14 | ,, | 13/01/14 | 1,25,000/- |
| 13. | 777/13-14 | ,, | 16/01/14 | 12,500/- |
| 14. | 867/13-14 | ,, | 27/01/14 | 1,75,000/- |
| 15. | 929/13-14 | ,, | 17/02/14 | 87,500/- |
| 16. | 929/13-14 | ,, | 18/02/14 | 50,000/- |
| 17. | 490/13-14 | പാരലൽ കോളേജ് | 23/10/13 | 6,177/- |
| 18. | 1049/13-14 | ,, | 26/03/14 | 13,830/- |
| 19. | 71/14-15 | ,, | 29/05/14 | 48,815/- |
| 20. | 448/14-15 | അയ്യങ്കാളി സ്കോളർഷിപ്പ് | 29/10/14 | 20,250/- |
| 21. | 904/14-15 | ,, | 27/03/15 | 2,250/- |
| 22. | ചെക്ക് | ചികിത്സാ ധനസഹായം | 20/05/14 | 75,000/- |
| 23. | ചെക്ക് | ,, | 20/05/14 | 37,000/- |
| 24. | ചെക്ക് | ,, | 23/06/14 | 13,500/- |
| 25. | ചെക്ക് | ,, | 18/07/14 | 10,000/- |
| 26. | ചെക്ക് | ,, | 18/07/14 | 7,000/- |

| | | | | |
|---|---|---|---|---|
| 27. | ചെക്ക് | ,, | 18/07/14 | 5,000/- |
| 28. | ചെക്ക് | ,, | 18/07/14 | 10,000/- |
| 29. | ചെക്ക് | ,, | 18/07/14 | 5,000/- |
| 30. | ചെക്ക് | ,, | 18/07/14 | 10,000/- |
| 31. | ചെക്ക് | ,, | 18/07/14 | 10,000/- |
| 32. | ചെക്ക് | ,, | 18/07/14 | 10,000/- |
| 33. | ചെക്ക് | ,, | 08/10/14 | 3,000/- |
| 34. | ചെക്ക് | ,, | 24/10/14 | 1,37,000/- |
| 35. | 184/13-14 | ലംപ്സം ഗ്രാന്റ് (S.C) | 30/07/13 | 4,000/- |
| 36. | 247/13-14 | ,, | 24/08/13 | 12,875/- |
| 37. | 489/13-14 | ,, | 23/10/13 | 250/- |
| 38. | 542/13-14 | ,, | 13/11/13 | 8,500/- |
| 39. | 579/13-14 | ,, | 13/11/13 | 6,250/- |
| 40. | 227/13-14 | ,, | 25/07/13 | 9,500/- |
| 41. | 228/13-14 | ,, | 25/07/13 | 15,750/- |
| 42. | 173/13-14 | ലംപ്സം ഗ്രാന്റ് (O.E.C) | 30/07/13 | 46,444/- |
| 43. | 543/13-14 | ,, | 13/11/13 | 16,250/- |
| 44. | 587/13-14 | ,, | 13/11/13 | 750/- |
| 45. | 714/15-16 | അപ്രന്റീസ് ട്രെയിനി | 06/01/16 | 50,000/- |
| 46. | 1087/12-13 | വിവാഹധനസഹായം | 18/05/13 | 20,000/- |